"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.നെയ്യാറ്റിൻകര സബ്‌കോടതിയുടെ എൽ.എ.ആർ കേസ്.നം 08/09 ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.530/2025/PWD തിരുവനന്തപുരം,തീയതി, 01-04-2025

---

പരാമർശം:-
1. സഉ(അച്ചടി)32/2019/ധന തീയതി 18.03.2019
2. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ 26.12.2024, 13.02.2025 തീയതികളിലെ CEPWD/20838/2023-C3(F)-NH നം. കത്ത്.

**ഉത്തരവ്**

ബഹു.നെയ്യാറ്റിൻകര സബ്‌കോടതിയുടെ എൽ.എ.ആർ കേസ്.നം.08/09 ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി 2,70,584/- രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ബഹു.നെയ്യാറ്റിൻകര സബ്‌കോടതിയുടെ എൽ.എ.ആർ 08/09 ലെ ഉത്തരവ് പ്രകാരം ഒടുക്കുവാനുള്ള തുകയായ 2,70,584/- രൂപ (രണ്ട് ലക്ഷത്തി എഴുപതിനായിരത്തി അഞ്ഞൂറ്റി എൺപത്തിനാല് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. പ്രസ്തുത തുക 2025-26 സാമ്പത്തിക വർഷത്തിൽ '5054-01-800-97-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.

എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം

ജില്ലാകളക്ടർ,തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 01-04-2025 16:20:19